# ആൺനോട്ടങ്ങളുടെ പെൺകാഴ്ചകൾ

## കെ.ആർ. മീരയുടെ 'കൃഷ്ണഗാഥ'യെപ്പറ്റി ഒരു പഠനം

അന വി.എസ്.

അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം, കാർമൽ കോളേജ്, മാള

സ്ത്രീ കേന്ദ്രിതമായ മാതൃദായ ക്രമമായിരുന്ന ഭാരതീയ സമുദായത്തിനുണ്ടായിരുന്നത്. സ്ത്രീത്വത്തിന്റെ മഹത്വമോതാത്ത വേദങ്ങളോ കവികളോ ഇവിടെ ഉണ്ടായിരുന്നില്ല.

"യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ
യത്രൈതാസ്തു ന പൂജ്യന്തേ സർവ്വാസ്തത്രാഫലാഃ ക്രിയാഃ"[1]

നാരിമാരെ പൂജിക്കുന്നിടത്ത് ദേവതകൾ പ്രസാദിക്കും, അനുഗ്രഹിക്കും. അവരെ പൂജിക്കാതെയിരുന്നാൽ സകല കർമ്മങ്ങളും നിഷ്ഫലമാകും എന്ന മനുസ്മൃതി വളരെ പ്രസിദ്ധമാണ്.

"ശ്രേഷ്ഠയാ ശ്രീമാതെത്രനാൾ വാഴും, തനിക്കൊരു
കൂട്ടുകാരിയാം സ്ത്രീയെക്കാണാത്ത ഭവനത്തിൽ?
ആദിമപ്രകൃതിയും സ്ത്രീത്വമേ വഹിക്കുന്നു;
സ്ത്രീ തന്നേ പരാശക്തിഃ സത്തയും ചിത്തും സ്ത്രീതാൻ"[2]

എന്ന് വള്ളത്തോളും സ്ത്രീത്വത്തിന്റെ മഹത്വത്തെകുറിച്ച് കാവ്യം രചിച്ചിട്ടുണ്ട്. സ്ത്രീയുടെ ശാരീരികവും മാനസികവുമായ ആരോഗ്യം പരിപാലിക്കുക വഴി പുതിയൊരു തലമുറയെയാണ് നാം പടുത്തുയർത്തുന്നത്. എന്നാൽ ഇന്ന് കഴുകന്റെ ചോരകണ്ണുകളോട് കൂടിയ ചില പുരുഷവർഗ്ഗം സ്ത്രീകളെ ഉപഭോഗവസ്തുവായി മാത്രം നോക്കികാണുകയാണ്. 'Use and throw' (ഉപയോഗിക്കുക, വലിച്ചെറിയുക) എന്ന രീതിശാസ്ത്രമാണ് ഇന്ന് നിലവിലുള്ളത്. പിഞ്ചുപെൺകുട്ടികൾപോലും ഇവർക്ക് ഇരകളാകുന്നുണ്ടെന്നതാണ് യാഥാർത്ഥ്യം.

"സ്ത്രീയെ ഒരു ലൈംഗികോപകരണം മാത്രമായി മെരുക്കിനിർത്തുക എന്നത് പുരുഷവാഴ്ചാസമൂഹങ്ങളുടെ താത്പര്യങ്ങളിൽ പ്രധാനമാണ്. അന്യഥാ പരിഷ്കൃതനും സ്ത്രീകളോട് സൗഹൃദത്തിൽ വർത്തിക്കുന്നവനുമായ പുരുഷനും, അപൂർവ്വമായി കൈവരുന്ന പ്രത്യേകസാഹചര്യങ്ങളിൽ തന്റെയുള്ളിലെ സ്ത്രീപീഡനവാസനകളെ, സംസ്കാരത്തിന്റെ ആകർഷകമായ പുറംതോൽ പൊഴിച്ച് കളഞ്ഞ് ആഘോഷവും അവകാശവുമാക്കാൻ മടിക്കാറില്ല"[3]. സ്ത്രീയോടുള്ള പുരുഷന്റെ ഈ നോട്ടങ്ങൾ മലയാളസാഹിത്യത്തിലും വിഷയമാക്കിയിട്ടുണ്ട്. മാധവിക്കുട്ടി, സാറാജോസഫ്, സുഭാഷ് ചന്ദ്രൻ, കെ.ആർ. മീര, സിത്താര, പ്രിയ എ.എസ്. തുടങ്ങി ഒട്ടനവധി എഴുത്തുകാർ സ്ത്രീകൾക്കു നേരെയുള്ള ക്രൂരതകളെ കുറിച്ച് കൃതികൾ രചിച്ചിട്ടുണ്ട്.

ഇവരിൽ "മലയാള കഥയ്ക്ക് പുതിയ ആധുനികതകൾ കണ്ടെത്തിയിരിക്കുന്ന വിരലിലെണ്ണാവുന്ന എഴുത്തുകാരികളിലൊരാളാണ് കെ.ആർ. മീര"[4]. സ്ത്രീപക്ഷരചനകൾ എഴുതി സ്ത്രീയ്ക്ക് സാഹിത്യത്തിലൂടെ തന്റേതായ ഒരിടം കണ്ടെത്തുകയാണ് മീര ചെയ്തു പോരുന്നത്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങളെല്ലാം തന്നെ മീരയുടെ കഥകൾക്ക് വിഷയമാകാറുണ്ട്.

### കൃഷ്ണഗാഥയിലെ ആൺനോട്ടങ്ങൾ

സ്ത്രീകളോട് ആദരവ് പ്രകടിപ്പിക്കുന്ന പുരുഷനും സമൂഹത്തിലെ ആദരണീയമായ പദവിയിൽ ഇരുന്നുകൊണ്ട് സ്ത്രീകളെ വെറും ലൈംഗികോപകരണമായി മാത്രം കാണുന്ന പുരുഷവർഗ്ഗത്തിന്റെയും ജീവിതം വ്യക്തമാക്കുന്ന കഥയാണ് 'കൃഷ്ണഗാഥ'. ചെറുശ്ശേരി തന്റെ കാവ്യത്തിൽ ഭഗവാൻ കൃഷ്ണനെക്കുറിച്ചുള്ള കഥകളാണ് പറഞ്ഞതെങ്കിൽ മീര കൃഷ്ണഗാഥയിൽ 'കൃഷ്ണ' എന്ന കൊച്ചുപെൺകുട്ടി അനുഭവിച്ച യാതനകളുടെ കഥയാണ് പറഞ്ഞുവയ്ക്കുന്നത്.

പുരുഷവർഗ്ഗത്തിന്റെ രണ്ട് വ്യത്യസ്തമുഖങ്ങളാണ് കൃഷ്ണഗാഥയിലെ അച്ഛനും നാരായണൻകുട്ടി എന്ന മലയാളം അദ്ധ്യാപകനും. അദ്ധ്യാപകൻ എന്നാൽ അന്ധകാരമാകുന്ന ഇരുട്ടിനെ നീക്കി ജ്ഞാനമാകുന്ന വെളിച്ചത്തെ വിദ്യാർത്ഥികളിലേക്ക് പകർന്നുനൽകുന്നവനാകണം. എന്നാൽ കൃഷ്ണഗാഥയിലെ നാരായണൻകുട്ടി എന്ന അദ്ധ്യാപകൻ കുട്ടിയുടെ ശരീരത്തിനെയും ലൈംഗികതയെയുമാണ് നോക്കി കാണുന്നത്. പാഠഭാഗം പഠിപ്പിക്കുമ്പോൾ പോലും രതിക്രീഡകളെ കുറിച്ചാണ് കൂടുതൽ അദ്ദേഹം പ്രതിപാദിക്കുന്നത്.

"ശ്ലിഷ്യതി കാമപി, ചുംബതി കാമപി, കാമപി രമയതം രാമാം"[5]

കൃഷ്ണന്റെ രാസക്രീഡകളെക്കുറിച്ചാണ് നാരായണൻകുട്ടി കൃഷ്ണയ്ക്ക് പാഠം നടത്തിയിരുന്നത്.

ശരീരത്തേക്കാൾ മൂന്നോ നാലോ വയസ്സ് കൂട്ടിത്തമുള്ള മനസ്സിന് ഇതൊക്കെ മനസ്സിലാകുമോ എന്നതായിരുന്നു അച്ഛന്റെ സംശയം. എന്നാൽ അദ്ദേഹം അന്ന് കൃഷ്ണയുടെ മുറിയിലേക്ക് കയറിയപ്പോൾ ഇറക്കം കുറഞ്ഞ പാവാടയ്ക്കു താഴെയുള്ള വെളുത്ത തുടകളാണ് കണ്ടത്. നീറുന്ന അച്ഛന്റെ മനസ്സിൽ അപ്പോൾ തന്നെ അദ്ധ്യാപകനോട് ട്യൂഷൻ പഠിപ്പിക്കാൻ ഇനി വരണ്ട എന്നു പറയുകയും ചെയ്തു.

എന്നാൽ അദ്ധ്യാപകന്റെ വാക്കുകൾ വിശ്വസിച്ച് കൂടെപോയ കൃഷ്ണയുടെ മാനത്തിനായി നാരായണൻകുട്ടിക്ക് കിട്ടിയ വില രണ്ടരലക്ഷം രൂപയായിരുന്നു. ഇവിടം കൊണ്ടും കൃഷ്ണയുടെ നേരെയുള്ള പുരുഷവർഗ്ഗത്തിന്റെ നോട്ടങ്ങൾ തീരുന്നുണ്ടായിരുന്നില്ല. വാർത്തയുടെ ആദ്യപേജിൽ തന്നെ ഇടംനേടിയ കൃഷ്ണയോട് റിപ്പോർട്ടർമാരുടെ ചോദ്യങ്ങളും അസഹനീയം തന്നെയായിരുന്നു. ടൗണിലേക്ക് അദ്ധ്യാപകന്റെ കൂടെ പോയപ്പോൾ കണ്ട കാര്യങ്ങളെക്കുറിച്ച് അറിയുവാനുള്ള ആകാംക്ഷയാണ് റിപ്പോർട്ടർമാർക്കുണ്ടായിരുന്നത്.

"നാല്പത്തിയൊന്നു രാത്രികളിലെ കഥകൾ അറിയാനുള്ള ഉത്കടമായ താല്പര്യം കൊണ്ടാവാം കോങ്കണ്ണുള്ള റിപ്പോർട്ടർ മുന്നോട്ടാഞ്ഞിരുന്നു."[6] കുട്ടി നിഷ്കളങ്കതയോടെ അവൾ കണ്ട കാര്യങ്ങളും തന്റെ നേരെ ക്രൂരത കാട്ടിയവരെക്കുറിച്ചും (ക്രൂരതയാണെന്ന് അറിയാതെ) റിപ്പോർട്ടർമാരോട് പറഞ്ഞു വെച്ചു.

എന്നാൽ ഈ കഥാപാത്രങ്ങളിൽനിന്ന് വ്യത്യസ്തമായി കണ്ണന് യശോദയെന്ന പോലെയായിരുന്നു കൃഷ്ണയ്ക്ക് അവളുടെ അച്ഛൻ. റിപ്പോർട്ടർമാരുടെ ചോദ്യങ്ങളുടെ ശരവർഷങ്ങൾക്കു മുൻപിൽ തന്റെ മകൾ ഇരിക്കുമ്പോൾ അദ്ദേഹം കാണുന്നത് അവളുടെ നിഷ്കളങ്കതയെയായിരുന്നു.

"ഞാൻ താളംതട്ടി ഉറക്കാറുള്ള നിന്റെ കുഞ്ഞു തുടകൾ ഞാൻ എണ്ണതേച്ച് കുളിപ്പിച്ച നിന്റെ നനുത്ത ഉടൽ... ചോദിക്കാൻപോലും ശക്തിയില്ലാതെ അയാളുടെ മനസ്സിൽ യശോദ നിന്നു പുകഞ്ഞു എരിഞ്ഞു".[7]

" ജൂബ്ബയിട്ടവരും കണ്ണട വച്ചവരും കളംകളം ഷർട്ടു ധരിച്ചവരുമായ എത്രയോ പേരുടെ ആത്മഹത്യകളിൽ സ്വയം തളർന്ന മകളുടെ ഉടലിൽ നോക്കാൻ അച്ഛന് ഭയം തോന്നി".[8]

എഴുത്തുകാരിതന്നെ ആത്മഹത്യയേയും സെക്സിനേയും ഒരേ കൂട്ടിൽതന്നെ അടച്ചിട്ടിരിക്കുകയാണ്. കഥയുടെ ആദ്യഭാഗത്തുതന്നെ അതു വ്യക്തമാക്കുന്നുണ്ട്. "കാമത്തിന്റെ പാരമ്യത്തിൽ, രതിമൂർച്ഛയിൽ സംഭവിക്കുന്നതും ആത്മഹത്യ തന്നെയാണ്"—എന്നതായിരുന്നു അദ്ധ്യാപകനായ നാരായണൻകുട്ടിയുടെ പ്രവചനം.

രതിമൂർച്ഛയിൽ, പിഞ്ചുപൈതങ്ങൾ കിടന്നുപിടയുമെങ്കിൽകൂടിപോലും, ചില പുരുഷന്മാരുടെ നാവിൽനിന്ന് ഒരേ ഒരുവാക്കുമാത്രമേ വരുന്നുള്ളൂ. സുഭാഷ്ചന്ദ്രന്റെ 'തല്പം' എന്ന കൃതിയിലും ഇത് പറഞ്ഞുവയ്ക്കുന്നുണ്ട്. "ഉരഞ്ഞു നീറിയ ഇടതു കാൽമുട്ടിന്റെ അസ്വാസ്ഥ്യത്തിനിടയിലും നെറികെട്ട ഒരാൺ ചോദ്യം വള്ളോക്കാരനിൽനിന്ന് പുറത്തു വന്നു—ദാമ്പത്യത്തിലെ രസവിഹീനമായ സുരതച്ചടങ്ങുകളുടെ ഒടുക്കം, മുറതെറ്റാതെ എന്നും ഭാര്യയോട് ചോദിച്ചിരുന്ന അതേ ചോദ്യം : 'സുഖം'.[9]

ഇവരെല്ലാം കാണുന്നത് സ്ത്രീയുടെ ശരീരം മാത്രമാണ്. അവളുടെ മനസ്സിനെയല്ല. എന്നാൽ മീരയുടെ 'ആരാച്ചാരി'ൽ തന്റെ നേരെ ചെയ്ത അതിക്രമങ്ങൾക്ക് വിധിയെഴുതുന്ന നായികയെയാണ് കാണുന്നത്. സാറാ ജോസഫിന്റെ 'തായ്കുല'ത്തിൽ തന്റെ മൂക്കും മുലയും മുറിച്ച പുരുഷവർഗ്ഗത്തിനു നേരെ ക്രോധിതയാകുന്ന ശൂർപ്പണഖയേയും നമുക്ക് കാണുവാൻ സാധിക്കും.

"മുറംപോലെ വിരിഞ്ഞ നഖങ്ങൾ കൂർപ്പിക്കണം. പൂപോലെ നനുത്ത കണ്ണുകൾ മാന്തിപ്പൊളിക്കണം. വെണ്ണപോലെ കൊഴുത്ത കവിളുകൾ കുത്തിക്കീറണം. ശൂർപ്പണഖയുടെ കണ്ണുകളിൽ ഇടിവാൾ മിന്നി. നഖങ്ങളിൽ മിന്നലും തീയും പാറി".[10] പ്രതികരണശേഷി സ്ത്രീയ്ക്ക് നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെ തെളിവുകളാണ് ഈ വരികൾ.

സ്ത്രീകൾ തന്റെ നേരെയുള്ള അതിക്രമങ്ങളെ ചെറുത്തു നില്ക്കുവാൻ തുടങ്ങിയതിന്റെ ഫലമായിട്ടാണ് ഈ കഥകളൊക്കെ സാഹിത്യത്തിൽ ഉരുത്തിരിഞ്ഞു വന്നത്.

"സ്ത്രീകൾ നിശ്ശബ്ദരായിരുന്നാൽ അവർ ചരിത്രത്തിനു പുറത്താകുന്നു".[11] പുരുഷൻ മേധാവിത്വവാഴ്ചയുടെ സൃഷ്ടിയാണെന്ന സങ്കല്പം മാറ്റേണ്ട കാലം കഴിഞ്ഞിരിക്കുന്നു. സ്ത്രീയും പുരുഷനും തുല്യപദവി നേടുന്നത് എപ്പോഴാണോ അപ്പോൾ മാത്രമേ ഭാരതത്തിന്റെ മഹത്വം ഒന്നുകൂടി ഉയർത്താൻ സാധിക്കുകയുള്ളൂ. തുല്യതയുള്ള ഒരു പുത്തൻ സമൂഹത്തിന്റെ സൃഷ്ടിയായി നമ്മുടെ ഭാരതം മാറുമെന്ന് ഒരു ശുഭാപ്തി വിശ്വാസം നമുക്കുണ്ടായിരിക്കണം. 'കൃഷ്ണഗാഥ'പോലുള്ള കഥയിലെ അദ്ധ്യാപകനായ നാരായണൻകുട്ടി എന്ന പുരുഷലോകത്തിന്റെ നോട്ടങ്ങളിൽ നിന്ന് രക്ഷനേടാൻ, അച്ഛനെപോലുള്ള കരുതലിന്റെ നോട്ടങ്ങളിൽ നിലകൊള്ളാൻ സ്ത്രീ സമൂഹത്തിനു കഴിയണമെങ്കിൽ ഭാരതീയ ചിന്തകൾ മാറേണ്ടിയിരിക്കുന്നു.

കുറിപ്പുകൾ

1. പ്രൊഫ. ഗോപിനാഥൻനായർ എൻ., മനുസ്മൃതി; പു.6
2. സ്ത്രീ അറിയേണ്ടതെല്ലാം, സ്ത്രീ ശരീരവിജ്ഞാനം (മാതൃഭൂമി ആരോഗ്യമാസിക) പു.14
3. ഖദീജ മുംതാസ് - പുരുഷനറിയാത്ത സ്ത്രീ മുഖങ്ങൾ, പു.17

4. മീര കെ.ആർ - കഥകൾ (ആൾമാറാട്ടം - സക്കറിയ) പു.266
5. മീര കെ.ആർ - കഥകൾ (കൃഷ്ണഗാഥ) പു. 30
6 മീര കെ.ആർ - കഥകൾ (കൃഷ്ണഗാഥ) പു. 32
7. മീര കെ.ആർ - കഥകൾ (കൃഷ്ണഗാഥ) പു. 32
8. മീര കെ.ആർ - കഥകൾ (കൃഷ്ണഗാഥ) പു. 33
9. സുഭാഷ് ചന്ദ്രൻ - തല്പം, പു. 33
10. സാറാ ജോസഫ് - നിലാവ് അറിയുന്നു, (തായ്കുലം), പു. 35
11. സാറാ ജോസഫ് - പാപത്തറ (പഠനം - സച്ചിദാനന്ദൻ - മുടിത്തെയ്യങ്ങൾ) പു. 23